# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 1929 — 17.12.2012 ലെ മറുപടിക്ക്

### കണ്ണൂർ വിമാനത്താവളത്തിലെ ഓഹരി പങ്കാളിത്തം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.പി. ജയരാജൻ : | | ശ്രീ. കെ.ബാബു.<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളത്തിന്റെ ഓഹരി പങ്കാളിത്തത്തെ സംബന്ധിച്ച ഉത്തരവിലെ വ്യവസ്ഥകൾ എന്തെല്ലാം; വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (എ) | കണ്ണൂർ വിമാനത്താവളത്തിന്റെ ഓഹരി പങ്കാളിത്തത്തെ സംബന്ധിച്ച ഉത്തരവുകളും അവയിലെ വ്യവസ്ഥകളും അനുബന്ധം 1 മുതൽ 9 ആയി വച്ചിരിക്കുന്നു. |
| (ബി) | 2011 മാർച്ച് 1-ന് പുറപ്പെടുവിച്ച ജി.ഒ (എം.എസ്)നമ്പർ13/2011 ഉത്തരവിലെ വ്യവസ്ഥകൾ വിശദമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | 2011മാർച്ച് 1-ന് പുറപ്പെടുവിച്ച ജി.ഒ(എം.എസ്) നമ്പർ 13/2011/ടാൻ ഉത്തരവുപ്രകാരം 31.3.2010 ലെ ജി.ഒ(എം.എസ്)നം.38/2010/ടാൻ, ഉത്തരവ് ഭേദഗതി ചെയ്ത.പുതുക്കിയ ഉത്തരവു പ്രകാരം വിമാനത്താവളകമ്പനിയുടെ 49% ഓഹരികൾ Qualified Institutional Investors, HighNet Worth Individuals, Companies, Co-Operative Banks/ Societies & Other Legal Entities (വിമാനത്താവള കമ്പനിയുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് സമയാസമയങ്ങളിൽ തീരുമാനിക്കുന്ന പ്രകാരം)കൾക്ക് നൽകാവുന്നതാണ് . കമ്പനിയുടെ 26% ഓഹരി മൂലധനത്തിന് തുല്യമായ ഭൂമി സർക്കാർ കമ്പനിക്ക് നൽകുന്നതാണ്. ബാക്കി ഭൂമി വിമാനത്താവള കമ്പനിക്ക് പാട്ടത്തിന് നൽകുന്നതാണ്. കമ്പനിയുടെ മൂലധനം വർദ്ധിപ്പിക്കുകയാണെങ്കിൽ സർക്കാരിന്റെ മൂലധനത്തിന് പകരമായി നൽകേണ്ട അധിക ഭൂമി കമ്പനിക്ക് പാട്ടത്തിന് നൽകിയ ഭൂമിയിൽ നിന്നും ട്രാൻസ്ഫർ ചെയ്ത നൽകുന്നതായിരിക്കും. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 7 ആയി വച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഓഹരി പങ്കാളിത്തത്തിന്റെ വ്യവസ്ഥകളിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (സി) | ചോദ്യം (എ) യുടെ ഉത്തരത്തിൽ പറയുന്നതൊഴിച്ച് ഓഹരി പങ്കാളിത്ത വ്യവസ്ഥയിൽ മാറ്റം വരുത്തിയ മറ്റ് സർക്കാർ ഉത്തരവുകൾ ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല. |
| (ഡി) | ഓഹരി പങ്കാളിത്തത്തിന്റെ വ്യവസ്ഥകളിൽ മാറ്റം വരുത്തുവാൻ ക്യാബിനറ്റ് തീരുമാനം എടുത്തിരുന്നുവോ; ഏതു ദിവസത്തെ ക്യാബിനറ്റിലാണ് ആയത് സംബന്ധിച്ച തീരുമാനമെടുത്തത്; വ്യക്തമാക്കുമോ; | (ഡി) | 30.03.2010ലെ മന്ത്രിസഭായോഗത്തിൽ ഓഹരി പങ്കാളിത്തത്തിന്റെ വ്യവസ്ഥയിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചു. ടി തീരുമാനപ്രകാരം പുറപ്പെടുവിച്ച 31.03.2010 ലെ ജി.ഒ(എം.എസ്) നം. 38/2010/ട്രാൻ ഉത്തരവിന്റെ പകർപ്പ് അനുബന്ധം-6 ആയി വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**